**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940</u>** **<u>11-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>അനിമൽ ബർത്ത് കൺട്രോൾ പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അൻവർ സാദത്ത്** | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** |

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ ഓരോ സാമ്പത്തിക വർഷവും മൃഗസംരക്ഷണ വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(എ) ഈ സർക്കാരിന്റെ കാലയളവിൽ മൃഗസംരക്ഷണ വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>പ്ലാൻ</u>** തുക (രൂപയിൽ)

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ബഡ്ജറ്റിൽ അനുവദിച്ച തുക | ചിലവഴിച്ച തുക |
|---|---|---|---|
| 2022-23 | 2464321000 | 1337887550 | 1360572959 |
| 2023-24 | 2726426000 | 1515949982 | 1520527782 |
| 2024-25 | 2566141000 | 724143167 | 592600113 |

അനിമൽ ബർത്ത് കൺട്രോൾ പദ്ധതിയ്ക്കായി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ല. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അനിമൽ ബർത്ത് കൺട്രോൾ പദ്ധതിയ്ക്ക് ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പാക്കുന്നതിൽ മൃഗസംരക്ഷണ വകുപ്പിന് എന്തൊക്കെ ചുമതലകളാണ് ഉള്ളത്; പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; തദ്ദേശസ്വയംഭരണ വകുപ്പുമായി ഫലപ്രദമായ ഏകോപനത്തിലൂടെ പ്രസ്തുത പദ്ധതി

(ബി) സംസ്ഥാനത്ത് എ.ബി.സി ചെയ്യുന്നതിന് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അനുമതിയുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി എ.ബി.സി പദ്ധതി നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുമായി ഫലപ്രദമായ ഏകോപനത്തിലൂടെ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് അടിസ്ഥാനസൗകര്യം നൽകുന്നു. ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ (എ.എ.ച്ച്) ആണ് എ.ബി.സി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി പ്രവർത്തിക്കുന്നത്. പദ്ധതി നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലനകേന്ദ്രങ്ങളിൽ നിന്ന് പരിശീലനം നൽകി വരുന്നു. എബിസി പദ്ധതി നടത്തിപ്പിന് കൂടുതൽ എ.ബി.സി സെന്ററുകൾ ആരംഭിയ്ക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

| | | | |
|---|---|---|---|
| | കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുകൊണ്ടും കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കുന്നു. വകുപ്പിന്റെ പരിശീലനകേന്ദ്രങ്ങളിൽ വച്ച് എബിസി ഡോഗ് ക്യാച്ചർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, അറ്റന്റന്റ് എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് എബിസി സെന്ററുകളിൽ സൗജന്യമായി എ.ബി.സി സർജറി നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 15 എബിസി സെന്ററുകൾ പ്രവർത്തിയ്ക്കുന്നു. 15 എബിസി സെന്ററുകൾ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. പുതിയ 5 എബിസി സെന്ററുകൾ ആരംഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങളുടെ എതിർപ്പ് കൂടുതൽ എബിസി സെന്ററുകൾ തുടങ്ങുന്നതിന് തടസ്സം നേരിടുന്നു. |

സെക്ഷൻ ഓഫീസർ